സ്വയംതൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബ് എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തൊഴിൽരഹിത വേതന വിതരണം നടത്തി വരുന്നു.

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയുള്ള നിയമനം

74 (5479) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ സർക്കാർ, അർദ്ധസർക്കാർ, സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെങ്കിലും തസ്തികകളിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൊഴിലില്ലായ്മ വേതന പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് നടപടി

75 (T5480) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി നിയമം വന്ന സാഹചര്യത്തിൽ തൊഴില്ലായ്മ വേതനം നൽകുന്നത് ശരിയാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) തൊഴിലില്ലായ്മ വേതന പദ്ധതി തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിക്കുമോ ?

ഉത്തരം

(എ) ഈ വിഷയം പരിഗണിച്ച് തൊഴിൽരഹിത വേതന പദ്ധതിയിൽ ഉചിതമായ മാറ്റം 15-12-2009-ലെ ജി.ഒ.(പി) 169/09/തൊഴിൽ പ്രകാരം വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് തൊഴിലുറപ്പ് പദ്ധതി (NREG Act) പ്രകാരമുള്ള തൊഴിൽ ലഭിച്ച് വ്യക്തിഗത വാർഷിക കുടുംബവരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും കവിഞ്ഞാൽ തൊഴിൽ രഹിത വേതനത്തിലുള്ള അർഹത നഷ്ടപ്പെടുന്നതാണ്.

(ബി) ഇത്തരമൊരു ശുപാർശ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly